ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 28.03.2026

# പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ; പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്രമോദി നാളെ പാലക്കാടും തൃശൂരും പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.
2. മുഖ്യമന്ത്രിയും മുതിർന്ന സി പി എം നേതാവുമായ പിണറായി വിജയൻ ഇന്ന് പാലക്കാട് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും; കോൺഗ്രസ് നേതാവ് ശശി തരൂർ നാളെ പാലക്കാട് പ്രചാരണ പരിപാടിയിൽ പങ്കെടുക്കും.
3. ഇറാൻറെ മിസൈൽ ആക്രമണത്തിൽ അബുദാബിയിൽ അഞ്ച് ഇന്ത്യക്കാർക്ക് പരിക്കേറ്റതായി റിപ്പോർട്ട്.
4. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച പുതിയ മാലിന്യ സംസ്കരണ നിയമങ്ങൾ ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും.
5. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ.
6. ഐപിഎൽ പത്തൊൻപതാം സീസണ് ഇന്ന് തുടക്കം; ആദ്യ മത്സരത്തിൽ ബംഗളുരു ഹൈദരാബാദിനെ നേരിടും.

&&&&&&&&&&&&&&

RNUTVPM

## പ്രധാനമന്ത്രി (ഇൻട്രോ)

സംസ്ഥാനത്ത് തിരെഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം.

തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കം വിവിധ മുന്നണി നേതാകൾ ഇന്നും നാളെയുമായി പാലക്കാട് പ്രചാരണത്തിന് എത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്... (വോയ്സ്)**

&&&&&&&&&&&&&&

## തെരഞ്ഞെടുപ്പ് - കേരളം

വൈകീട്ട് നാലിന് തൃശ്ശൂർ സ്വരാജ് റൗണ്ടിലെ റോഡ് ഷോയിലും പ്രധാനമന്ത്രി പങ്കെടുക്കും. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ എയർ സ്പേയ്സിൽ പ്രൈവറ്റ് ഹെലികോപ്റ്റർ, ഡ്രോൺ, ഹാംഗ് ഗ്ലൈഡറുകൾ എന്നിവയുടെ ഉപയോഗം നാളെ ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകിട്ട് 7 മണി വരെ നിരോധിച്ചു കൊണ്ട് ജില്ലാ കളക്ടർ ഉത്തരവിറക്കി. പരസ്യ പ്രചാരണം അവസാനിക്കാൻ പതിനൊന്നു ദിവസം ശേഷിക്കെ തെരഞ്ഞെടുപ്പു പ്രചാരണം ഊർജ്ജിതമാക്കുകയാണ് മുന്നണികൾ. 9 നാണ് വോട്ടെടുപ്പ്. വെട്ടെണ്ണൽ മെയ് നാലിന് നടക്കും.

RNU TVPM

&&&&&&&&&&&&&&

## സ്മൃതി ഇറാനി

കഴക്കൂട്ടം നിയമസഭാ മണ്ഡലം എൻ ഡി എ സ്ഥാനാർത്ഥി വി. മുരളീധരൻറെ തെരഞ്ഞെടുപ്പു കൺവെൻഷൻ മുൻ കേന്ദ്ര മന്ത്രി സ്മൃതി ഇറാനി ഇന്നു വൈകിട്ട് തിരുവനന്തപുരം ഉള്ളൂരിൽ ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഇന്നലെ തിരുവനന്തപുരം മണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി സിപി ജോണിൻറെ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

&&&&&&&&&&&&&&

## പോസ്റ്റൽ ബാലറ്റ് (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ടിന് രണ്ടുതരം ക്രമീകരണം. പോളിങ് ചുമതലയുള്ള ജീവനക്കാർക്ക് അവർ

ജോലിചെയ്യുന്ന നിയോജകമണ്ഡലങ്ങളിൽ പോസ്റ്റൽ വോട്ട് ചെയ്യാൻ വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ സജ്ജമാക്കും. വിശദാംശങ്ങളിലേക്ക്... (വോയ്സ്)

<u>പോസ്റ്റൽ ബാലറ്റ് (വോയ്സ്)</u>

വോട്ടുചെയ്ത് തപാലിൽ അയക്കുന്ന രീതി ഇത്തവണ ഉണ്ടാകില്ല. അവശ്യസേവന വിഭാഗത്തിൽപ്പെട്ടവർക്ക് വോട്ടുചെയ്യാൻ ഇത്തവണ സ്വന്തം നിയോജകമണ്ഡലങ്ങളിൽ പോസ്റ്റൽ വോട്ടിങ് സെന്ററുകൾ ഒരുക്കും. പോളിങ് ചുമതലയുള്ള ജീവനക്കാർക്ക് പോസ്റ്റൽ വോട്ടിന് ഫോം 12-ൽ ഏപ്രിൽ രണ്ടുവരെ അപേക്ഷിക്കാം. ഡ്യൂട്ടിയുള്ള നിയമസഭാ മണ്ഡലത്തിലായിരിക്കും വോട്ട് ചെയ്യുന്നതിനുള്ള ഫെസിലിറ്റേഷൻ സെൻറർ. 31 മുതൽ ഏപ്രിൽ എട്ടുവരെ വോട്ട് ചെയ്യാം. ബാലറ്റിലായിരിക്കും വോട്ട് രേഖപ്പെടുത്തേണ്ടത്. പോളിങ് ബൂത്തിലുണ്ടാകുന്ന എല്ലാ ക്രമീകരണങ്ങളും ഈ സെന്ററുകളിലുമുണ്ടാകും. വോട്ട് ചെയ്യാൻ വോട്ടർ ഐ.ഡി. കാർഡ്, ഇലക്ഷൻ ഡ്യൂട്ടിക്ക് പോസ്റ്റ് ചെയ്ത ഉത്തരവ് എന്നിവ ഹാജരാക്കണം.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&

<u>തെരഞ്ഞെടുപ്പ് - പ്രചാരണം</u>

സി.പി.ഐ.എം ജനറൽ സെക്രട്ടറി എം. എ. ബേബി, കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല എന്നിവർ ഇന്ന് കണ്ണൂർ ജില്ലയിലെ വിവിധ ഇടങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടികളിൽ പങ്കെടുക്കും. എൻ.ഡി.എ.സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം ദേശീയ നേതാക്കൾ വരും ദിവസങ്ങളിൽ കണ്ണൂരിൽ എത്തും

&&&&&&&&&&&&&&

<u>എൻറെ വോട്ട്, എൻറെ ശക്തി</u>

യുവജനങ്ങളിലെ വോട്ടിങ് ശതമാനം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് തെരഞ്ഞെടുപ്പു കമ്മീഷൻ സംഘടിപ്പിക്കുന്ന "എന്റെ വോട്ട് എന്റെ ശക്തി" സംസ്ഥാനതല പ്രചാരണ പരിപാടിക്ക് ഇന്ന് തുടക്കമാകും. കേരളാ ലീഗൽ സർവ്വീസസ് അതോറിറ്റി, ജനമൈത്രി പോലീസ്

PNU TVPM

എന്നിവരുമായി സഹകരിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പരിപാടി സംഘടിപ്പിക്കുന്നത്. പ്രചാരണ പരിപാടി തിരുവനന്തപുരം മാനവീയം വീഥിയിൽ ജില്ല സെഷൻസ് ജഡ്ജി നസീറ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&

## എൻറെ വോട്ട്, എൻറെ ശക്തി - ആശംസ

'എൻറെ വോട്ട്, എൻറെ ശക്തി' സംസ്ഥാനതല പ്രചാരണപരിപാടിക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ, കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (KeLSA) തിരുവനന്തപുരം ജില്ല സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജുമായ എസ് ഷംനാദ് എന്നിവർ ആശംസകൾ നേർന്നു.

&&&&&&&&&&&&&&

## സസ്പെൻഷൻ

ലൈംഗിക പീഡന പരാതിയെ തുടർന്ന് പാലക്കാട് നഗരസഭാകൗൺസിലർ പ്രശോഭ് വത്സനെ കോൺഗ്രസിൻ്റെ പ്രാഥമിക അംഗത്വത്തിൽ നിന്ന് സസ്പെൻഡ് ചെയ്തതായി ഡി.സി.സി പ്രസിഡൻ്റ് എ തങ്കപ്പൻ അറിയിച്ചു. പ്രശോഭ് വത്സനെതിരെ യുവതി മുഖ്യമന്ത്രിക്ക് നൽകിയ പരാതി പാലക്കാട് ജില്ലാ പൊലീസ് മേധാവിക്ക് കൈമാറി. നഗരസഭയിലെ 24-ാം വാർഡ് കൗൺസിലറാണ് പ്രശോഭ് വത്സൻ.

RNUTVPM

&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ. പരിപാടിയുടെ 132 -ആം പതിപ്പാണിത്. ദൂരദർശനും ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&

## മിസൈൽ ആക്രമണം

അബുദാബിയിൽ ഇറാൻറെ മിസൈൽ ആക്രമണം. മിസൈൽ ആക്രമണത്തിൽ അഞ്ച് ഇന്ത്യക്കാർക്ക് പരിക്കേറ്റു. അബുദാബിയിൽ തീപിടിത്തവും ഉണ്ടായി. പ്രത്യേക സാമ്പത്തിക

മേഖലയായ കെസാദ് പരിസരത്താണ് തീപിടിത്തം ഉണ്ടായത്. ബാലിസ്റ്റിക് മിസൈലിന്റെ അവശിഷ്ടങ്ങൾ പതിച്ചതാണ് തീപിടിത്തമുണ്ടായതെന്ന് അധികൃതർ സ്ഥിരീകരിച്ചു.

&&&&&&&&&&&&&&

## മാലിന്യ സംസ്കരണ നിയമങ്ങൾ

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച പുതിയ മാലിന്യ സംസ്കരണ നിയമങ്ങൾ ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും. വീട്ടിലെ മാലിന്യം അടക്കം ഇനി മുതൽ നാലായി തരംതിരിച്ചു വേണം സംസ്കരിക്കാൻ. ഒന്നാമത്തേ ഇനം ജൈവ മാലിന്യം ആണ്. ഭക്ഷണ അവശിഷ്ടങ്ങൾ, പച്ചക്കറി,പഴം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക. പ്ലാസ്റ്റിക്, ലോഹങ്ങൾ, ഗ്ലാസ്, റബ്ബർ എന്നിവ അടങ്ങിയ അജൈവ മാലിന്യമാണ് രണ്ടാമത്തേത്. ഡയപ്പറുകൾ, സാനിറ്ററി പാഡുകൾ, തുടങ്ങിയവയാണ് മൂന്നാമത്തെ ഇനം. പെയിന്റ് കാനുകൾ, ബൾബുകൾ, മരുന്നുകൾ, ബാറ്ററികൾ എന്നിവയെല്ലാം നാലാമത്തെ വിഭാഗത്തിൽ ഉൾപ്പെടും. മാലിന്യ ശേഖരണവും സംസ്കരണവും നിരീക്ഷിക്കാൻ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലും ബുധനാഴ്ച്ച നിലവിൽ വരും.

&&&&&&&&&&&&&&

RNI TVPM

## ശുഭാംശു ശുക്ല

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യക്കാരനെന്ന ചരിത്രം സൃഷ്ടിച്ച ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ല ഇന്ന് തിരുവനന്തപുരത്ത്. ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കറുടെ അതിഥിയായാണ് അദ്ദേഹം ലോക് ഭവനിൽ എത്തുന്നത്. ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല തൈക്കാട് ഗവൺമെന്റ് മോഡൽ സ്കൂൾ സന്ദർശിക്കും. സ്കൂളിലെ സ്പേസ് ക്ലബ്ബായ 'ബിയോണ്ട് ദ ഹൊറൈസൺ' (Beyond the Horizon) സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടിയിൽ പങ്കെടുക്കാനാണ് അദ്ദേഹം എത്തുന്നത്. ഉച്ചയ്ക്ക് സ്കൂൾ അസംബ്ലി ഹാളിലാണ് ചടങ്ങു നടക്കുന്നത്.

&&&&&&&&&&&&&&

## <u>ഐ പി എൽ (ഇൻട്രോ)</u>

ഐപിഎൽ പത്തൊൻപതാം സീസണ് ഇന്ന് തുടക്കം; ആദ്യ മത്സരത്തിൽ ബംഗളുരു ഹൈദരാബാദിനെ നേരിടും.
**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു ..... (വോയ്സ്)**

&&&&&&&&&&&&&&

## <u>ചൂട്</u>

സംസ്ഥാനത്ത് ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, പാലക്കാട് ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കും. തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&

## <u>ശബരിമല</u>

ശബരിമലയിൽ വിഷുവിനും മേടമാസ പൂജയ്ക്കും വെർച്യചൽ ക്യൂ ബുക്കിംഗ് ഇന്ന് ആരംഭിക്കും. വൈകീട്ട് അഞ്ചു മുതൽ വെർച്ച്വൽ ക്യൂ വെബ്സൈറ്റ് വഴി സ്ലോട്ടുകൾ ബുക്ക് ചെയ്യാം. ഏപ്രിൽ 10നാണ് നട തുറക്കുന്നത്.

&&&&&&&&&&&&&&

## <u>സ്വർണ്ണവില</u>

സ്വർണവില കൂടി. ഗ്രാമിന് 230 രൂപ വർധിച്ച് 13,575 രൂപയും പവന് 1840 രൂപ ഉയർന്ന് 1,08,600 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&

## <u>ട്രെയിനുകൾ - റദ്ദാക്കി</u>

എരണിയൽ - നാഗർകോവിൽ ഇരട്ടപ്പാത കമ്മീഷനിംഗുമായി ബന്ധപ്പെട്ട് ഇന്നത്തെ 11 ട്രെയിനുകൾ പൂർണമായി റദ്ദാക്കി. മധുര - പുനലൂർ എക്സ്പ്രസ്, നാഗർകോവിൽ- തിരുവനന്തപുരം - തിരുവനന്തപുരം പാസഞ്ചർ, പുനലൂർ- കന്യാകുമാരി-പുനലൂർ

RNUTVPM

പാസഞ്ചർ, കൊല്ലം- കന്യാകുമാരി മെമു, പുനലൂർ - മധുര എക്സ്പ്രസ് എന്നിവ റദ്ദാക്കിയ ട്രെയിനുകളിൽ ഉൾപ്പെടുന്നു. പത്ത് ട്രെയിനുകൾ ഭാഗികമായി റദ്ദാക്കി. രണ്ട് ട്രെയിനുകൾ വഴി തിരിച്ചു വിട്ടു. നാല് ട്രെയിനുകൾ വൈകി ഓടാൻ സാധ്യതയുണ്ടെന്നും റെയിൽവെ അറിയിച്ചു.

&&&&&&&&&&&&&&

## ആലപ്പുഴ - ബോട്ട് റാലി

വോട്ടിംഗ് ബോധവത്കരണ പരിപാടിയായ സ്വീപ്പിൻറെ ഭാഗമായി ആലപ്പുഴയിൽ ബോട്ട് റാലി സംഘടിപ്പിച്ചു. ജില്ലാ കളക്ടർ കെ ഇമ്പശേഖർ ബോട്ട് റാലി ഉദ്ഘാടനം ചെയ്തു. ജനാധിപത്യത്തിൻറെ വളരെ മൂല്യവത്തായ അവകാശമാണ് വോട്ടിംഗ് എന്ന് ജില്ലാ കളക്ടർ പറഞ്ഞു.

&&&&&&&&&&&&&&

## സ്ലോ റൺ പത്തനംതിട്ട

നിയമസഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ല ഭരണകൂടത്തിന്റെയും സ്വീപിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച 'സ്ലോ റൺ' പ്രചാരണം ഇന്ന് രാവിലെ ജില്ല കലക്ടർ എസ് പ്രേം കൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്തു. കലക്ടറേറ്റ് ഗേറ്റ് മുതൽ ഗാന്ധി സ്ക്വയർ വരെയാണ് സ്ലോ റൺ സംഘടിപ്പിച്ചത്. വോട്ട് ചെയ്യാനുള്ള അവബോധം വർധിപ്പിക്കുകയാണ് പ്രചാരണത്തിന്റെ ലക്ഷ്യം. പത്തനംതിട്ട 14 കേരള ബറ്റാലിയൻ എൻസിസി അംഗങ്ങൾ, വിദ്യാർഥികൾ തുടങ്ങിയവർ കാമ്പയിനിൽ പങ്കെടുത്തു.

&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&

RNU TVPM